## മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

യു.ജി.സി.യുടെ ധനസഹായത്തോടെ വിവിധ കോളേജുകളിൽ 2018-19 അദ്ധ്യയന വർഷം ബിവോക് കോഴ്സുകൾ ആരംഭിക്കുന്നതിന് വേണ്ടി നിരാക്ഷേപ പത്രം അനുവദിക്കുവാൻ, ടി കോളേജുകളുടെ പഠന, ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തുന്നതിനായി പരിശോധനാ സമിതിയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ1 വിഭാഗം**

നം.7295/എ1/1/2018/അക്കാദമിക് — തീയതി, പ്രിയദർശിനി ഹിൽസ്, 09.10.2018

---

പരാമർശം : 1. ബി വോക് കോഴ്സുകൾ ആരംഭിക്കുന്നതിന് നിരാക്ഷേപ പത്രം ആവശ്യപ്പെട്ട് വിവിധ കോളേജുകളുടെ പ്രിൻസിപ്പൽമാർ സമർപ്പിച്ച അപേക്ഷകൾ

2. സിൻഡിക്കേറ്റ് ഉപസമിതി കൺവീനർ-അഫിലിയേഷൻ 08.10.2018 തീയതിയിൽ നല്കിയ കത്ത് പ്രകാരം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ എടുത്ത തീരുമാനം.

### <u>ഉത്തരവ്</u>

യു.ജി.സി.യുടെ ധനസഹായത്തോടെ നാഷണൽ 'സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്കിന്റെ കീഴിൽ, 2018-19 അദ്ധ്യയന വർഷം പുതിയ ബി.വോക് കോഴ്സുകൾ തുടങ്ങുവാനുള്ള നിരാക്ഷേപ പത്രത്തിനു വേണ്ടി, യഥാക്രമം പരാമർശം (1), പ്രകാരം വിവിധ കോളേജ് പ്രിൻസിപ്പൽമാർ അപേക്ഷകൾ സമർപ്പിച്ചിരുന്നു

സർവ്വകലാശാല ടി അപേക്ഷകൾ പരിഗണിക്കുകയും, സർവ്വകലാശാല സിൻഡിക്കേറ്റ് ഉപസമിതി-അഫിലിയേഷൻ കൺവീനർ പരാമർശം (2) പ്രകാരം, ടി കോളേജുകളിൽ മേൽപ്പറഞ്ഞ കോഴ്സുകൾ തുടങ്ങുവാനുള്ള പഠന ഭൗതിക സാഹചര്യങ്ങൾ പരിശോധിക്കുന്നതിനായി താഴെപ്പറയും പ്രകാരം, പരിശോധനാ സമിതിയെ നിയമിക്കുവാൻ ശുപാർശ ചെയ്യുകയും, ടി ശുപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ അംഗീകരിക്കുകയും ചെയ്തു

| Sl. No. | Colleges | Inspection Commission |
|---|---|---|
| 1. | M.E.S.College, Marampally | 1. Adv. P.K.Harikumar,Member Syndicate<br>2. Shaju Varghese,B.P.C College,Piravom |
| 2. | Nirmala College,Muvattupuzha | 1. Adv. P.K.Harikumar,Member Syndicate<br>2. Dr.BabyMathew,DevamathaCollege,Kuravilanga(Rtd) |
| 3. | St.George College,Aruvithura | 1 . Dr.Anitha R, Member Syndicate<br>2. Dr.Harikrishnan, College of Indigenous Technology, Konni |
| 4. | Mar Thoma College for Women, Perumbavoor | 1. Dr.K.Krishnadas, Member Syndicate<br>2. Dr.T.P.Vinu,N.S.S College,Changanassery |

| | | |
|---|---|---|
| 5. | Henry Baker College, Melukavu | 1. Dr.K.Krishnadas, Member Syndicate<br>2. Surya N S, S N College,Kumarakom |
| 6. | M.E.S.College,Nedumkandam | 1. Dr.M.S Murali, Member Syndicate<br>2. Anish Joseph, Devamatha College, Kuravilangad |
| 7. | Pavanathma College, Murickassery | 1. Dr.M.S.Murali, Member Syndicate<br>2. Anish Joseph,Devamatha College, Kuravilangad |

കോളേജ് പ്രിൻസിപ്പൽമാർ, പരിശോധന തീയതി നിശ്ചയിക്കുന്നതിനായി പരിശോധനാ സമിതി അംഗങ്ങളെ സമീപിക്കേണ്ടതാണ്. അതുപോലെ പരിശോധന ഫീസ് ഇനത്തിൽ ഒരംഗത്തിന് 3,000/- രൂപ വീതം സർവ്വകലാശാലയിൽ അടയ്ക്കേണ്ടതുമാണ്.

പരിശോധനാ സമിതി പരിശോധന നടത്തിയതിനുശേഷം, റിപ്പോർട്ട് എത്രയും പെട്ടെന്ന് സർവ്വകലാശാല നിഷ്കർഷിച്ചിരിക്കുന്ന നിർദ്ദിഷ്ട ഫാറത്തിൽ പ്രത്യേക ശുപാർശകളോടെ, സർവ്വകലാശാല രജിസ്ട്രാറിനു സമർപ്പിക്കേണ്ടതാണ്.

പരിശോധനാ സമിതി അംഗങ്ങൾക്ക് നിയമ പ്രകാരമുള്ള യാത്രാ/ദിന ബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
സുകുമാരൻ റ്റി.ബി.
അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാദമിക വിഭാഗം 1)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:.

1. ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർ
2. ബന്ധപ്പെട്ട പരിശോധനാ സമിതി അംഗങ്ങൾക്ക്
3. വൈസ് ചാൻസിലർ/പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
5. ജെ.ആർ/ഡി.ആർ/എ.ആർ (അക്കാദമിക്/ഫിനാൻസ്)
6. എസി.സി1/എഡി.ബി 6/ഓഡിറ്റ് 5/ഫിനാൻസ്
7. ഗവ. ഓഡിറ്റർ
8. പി.ആർ.ഒ/കൺസെന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യൂ.എ.സി.
9. കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

ഫയൽ നം. എസി.എ1/1/5414/2018(ഭാഗം 1)

ഉത്തരവിൻ പ്രകാരം

Sukuthal

സെക്ഷൻ ഓഫീസർ